# PUBLIC RELATIONS OFFICE
# ARCHDIOCESE OF ERNAKULAM – ANGAMALY
**Major Archbishop's House, Ernakulam**
**P.B. No. 2580, Kochi - 682 031**


**22.05.19**

## പ്രസിദ്ധീകരണത്തിന്

എറണാകുളം-അങ്കമാലി അതിരൂപതാ വിശ്വാസികളുടേത് എന്ന പേരിൽ ഏതാനും വ്യക്തികൾ എറണാകുളം പ്രസ്സ് ക്ലബിൽ ഇന്ന് (22/05/2019) നടത്തിയ പത്രസമ്മേളനം അതിരൂപതയോ, ഫൊറോനാ പ്രതിനിധികളോ, അതിരൂപതാ സംഘടനാ ഭാരവാഹികളോ നടത്തിയതല്ല എന്ന് അറിയിക്കുന്നു. ഈ വ്യക്തികൾക്ക് എറണാകുളം-അങ്കമാലി അതിരൂപതയുമായി യാതൊരു ഔദ്യോഗിക ബന്ധവുമില്ല.
2019 മെയ് 20-ന് എറണാകുളം മേജർ ആർച്ചുബിഷപ്സ് ഹൗസിൽ എറണാകുളം-അങ്കമാലി അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ജേക്കബ് മനത്തോടത്ത് വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ ഉന്നയിക്കപ്പെട്ടത് രേഖകൾ സംബന്ധിച്ച് പൊലീസ് അന്വേഷണം സത്യസന്ധവും സുതാര്യവും സമഗ്രവും ആകണമെന്നാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പൊലീസ് അന്വേഷണം തെറ്റായ ദിശയിലാണെന്നും പൊലീസിനുമേൽ ആരുടെയൊക്കെയോ സ്വാധീനമുണ്ടെന്നും അതിരൂപത ആശങ്കപ്പെടുന്നു. ജുഡീഷ്യൽ തല അന്വേഷണമോ, സി.ബി.ഐ. അന്വേഷണമോ നടത്തി രേഖകളുടെ ആധികാരികതയും ഉള്ളടക്കവും തെളിയിക്കണമെന്നും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും അതിരൂപത ആവശ്യപ്പെടുന്നു. അന്വേഷണ വിഷയമായ രേഖകൾ യഥാർത്ഥമാണെന്നാണ് അതിരൂപതയുടെ നിലപാട്. ഈ രേഖകൾ ഫാ. പോൾ തേലക്കാട്ടിന് നൽകിയ ആദിത്യ എന്ന യുവാവിനെ അന്യായമായി പൊലീസ് പീഡിപ്പിക്കുന്നതും, അതിരൂപതയിലെ വൈദികരെ മനഃപൂർവ്വം പ്രതിചേർക്കുന്നതും പ്രതിഷേധാർഹമാണ്. ഭൂമി ഇടപാട് സംബന്ധിച്ചുള്ള കാര്യങ്ങൾ പുറത്തുകൊണ്ടുവന്നതിൽ മുന്നിൽനിന്ന വൈദികരെ പ്രതികളാക്കാൻ ശ്രമം നടക്കുന്നതായി സംശയിക്കുന്നു.
മാർപാപ്പ നേരിട്ട് നിയമിച്ചതും, അതിരൂപതയുടെ ഭരണകാര്യങ്ങളിൽ സിറോ-മലബാർ സിനഡിന്റെയോ, മേജർ ആർച്ചുബിഷപ്പിന്റെയോ അനുമതി ആവശ്യമില്ലാത്തതുമായ എറണാകുളം-അങ്കമാലി അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ജേക്കബ് മനത്തോടത്ത് വിളിച്ചു ചേർത്ത പത്രസമ്മേളനം നിയമാനുസൃതവും ആധികാരികവുമാണ്. പൊതുസമൂഹത്തിലും വിശ്വാസികൾക്കിടയിലും ഉണ്ടായിട്ടുള്ള സംശയങ്ങളും തെറ്റിദ്ധാരണകളും നീക്കുന്നതിനുവേണ്ടിയാണ് ഈ പത്രസമ്മേളനം വിളിച്ചു ചേർത്തത്.
എറണാകുളം-അങ്കമാലി അതിരൂപതയ്ക്കെതിരെ നടക്കുന്ന സ്ഥാപിതതാല്പര്യക്കാരുടെ അക്രമങ്ങളെ അതിരൂപത അപലപിക്കുന്നു. ഭൂമി വിവാദത്തിൽ പ്രതിസ്ഥാനത്തുള്ളവർ രക്ഷപ്പെടാൻ നടത്തുന്ന വിഫലശ്രമങ്ങളായേ ഇത്തരം ഹീനപ്രവൃത്തികളെ കാണാനാവൂ.
ഇന്ന് (22/05/2019) എറണാകുളം പ്രസ്സ് ക്ലബിൽ ഈ വിഷയത്തിൽ പത്രസമ്മേളനം നടത്തിയ വ്യക്തികൾ നിരന്തരമായി അതിരൂപതയ്ക്കെതിരെ വ്യാജപരാതികൾ കൊടുക്കുന്നവരും ഇപ്പോഴുള്ള കേസിൽ ആലുവ ഡി.വൈ.എസ്.പി. മുമ്പാകെ അതിരൂപതാ നേതൃത്വത്തിനെതിരെ പരാതി നൽകിയിട്ടുള്ളവരുമാണ്.


***ഫാ. പോൾ കരേടൻ***
***പിആർഒ***
***എറണാകുളം-അങ്കമാലി അതിരൂപത***
***ഫോൺ: 9447540080***